**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1069** **06-10-2021 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുനർഗേഹം പദ്ധതിയിൽ ഇതുവരെ എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച നൽകാനായി എന്ന കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ; | (എ) | തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുവാൻ ലക്ഷ്യമിടുന്ന പദ്ധതി പ്രകാരം 29.09.2021 വരെ 616 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയ 1771 ഗുണഭോക്താക്കളിൽ 1263 പേർ ഭവന നിർമ്മാണം ആരംഭിച്ചിട്ടുമുണ്ട്. നിർമ്മാണം പൂർത്തീകരിച്ച ഭവനങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. തിരുവനന്തപുരം-128, കൊല്ലം-91, ആലപ്പുഴ-168, എറണാകുളം-19. തൃശ്ശൂർ-114, മലപ്പുറം-46, കോഴിക്കോട്-25, കണ്ണൂർ-25 പദ്ധതി പ്രകാരം 276 കുടുംബങ്ങൾക്ക് ഫ്ലാറ്റും അനുവദിച്ചിട്ടുണ്ട്. |
| (ബി) | കടലാക്രമണവും കടൽത്തീരമിടിച്ചിലും മൂലമുള്ള ഭീഷണിയിൽ കഴിയുന്ന പത്തൊമ്പതിനായിരത്തോളം വരുന്ന കുടുംബങ്ങളെ സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കാനും കടലാക്രമണ പ്രതിരോധമാർഗങ്ങൾ അവലംബിക്കാനും തയ്യാറാക്കിയിട്ടുള്ള ബൃഹദ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (ബി) | ജില്ല തിരിച്ചുള്ള പദ്ധതി പുരോഗതി അനുബന്ധമായി ചേർക്കുന്നു. |
| (സി) | എത്ര കുടുംബങ്ങൾ സുരക്ഷിത ദൂരത്തേക്ക് മാറാൻ തയ്യാറായിട്ടുണ്ട്; നിലവിലുള്ള ഭൂമിയുടെ അവകാശം അവരിൽ നിലനിർത്തിക്കൊണ്ടാണോ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പദ്ധതി പ്രകാരം തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 7716 ഗുണഭോക്താക്കൾ സുരക്ഷിത മേഖലയിലേയ്ക്ക് മാറിതാമസിക്കു ന്നതിന് സമ്മതം അറിയിച്ചിട്ടുണ്ട്. ഉടമസ്ഥാ വകാശം ഗുണഭോക്താക്കളിൽ നിലനിർത്തിയുള്ള പുനരധിവാസം സർക്കാർ പരിഗണനയിലാണ് |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | DLAC അംഗീകരിച്ചത് | DLMC അംഗീകരിച്ചത് | രജിസ്ട്രേഷൻ പൂർത്തിയാക്കിയവർ | ഭവന നിർമ്മാണ ഘട്ടങ്ങൾ | | |
|---|---|---|---|---|---|---|
| | | | | I | II | III |
| തിരുവനന്തപുരം | 3826 | 851 | 602 | 360 | 290 | 128 |
| കൊല്ലം | 422 | 154 | 138 | 122 | 107 | 91 |
| ആലപ്പുഴ | 1641 | 588 | 456 | 399 | 233 | 168 |
| എറണാകുളം | 221 | 58 | 42 | 36 | 20 | 19 |
| തൃശ്ശൂർ | 670 | 235 | 196 | 176 | 145 | 114 |
| മലപ്പുറം | 1099 | 269 | 134 | 83 | 63 | 46 |
| കോഴിക്കോട് | 318 | 71 | 68 | 42 | 32 | 25 |
| കണ്ണൂർ | 1583 | 77 | 76 | 38 | 31 | 25 |
| കാസർഗോഡ് | 1169 | 75 | 59 | 7 | 0 | 0 |
| **ആകെ** | **10949** | **2378** | **1771** | **1263** | **921** | **616** |